(ബി) ഇവയ്ക്ക് എൻ.ഒ.സി. നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പാരാമെഡിക്കൽ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള കാലതാമസം എന്തെന്ന് വിശദമാക്കുമോ;

(സി) എൻ.ഒ.സി. നൽകിയിട്ടുള്ള സ്ഥാപനങ്ങളിൽ എന്നത്തേക്ക് പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഡി) പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്നതിന് ഓരോ സ്ഥാപനവും എത്ര രൂപാ വീതം ബന്ധപ്പെട്ട കൗൺസിലിൽ അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പതിനൊന്ന് സ്ഥാപനങ്ങൾക്ക് ലറ്റർ ഓഫ് പെർമിഷൻ നൽകിയിട്ടുണ്ട്. പത്തൊമ്പത് സ്ഥാപനങ്ങളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്നതിന് ചില വ്യവസ്ഥകൾക്കു വിധേയമായി സർക്കാർ "ലറ്റർ ഓഫ് പെർമിഷൻ" ആണ് നൽകി വരുന്നത്. ഈ വ്യവസ്ഥകൾ പാലിച്ച് കോഴ്സുകൾ ആരംഭിക്കേണ്ടത് അതാത് സ്ഥാപനങ്ങളുടെ ചുമതലയാണ്.

(സി) പ്രത്യേകിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല.

(ഡി) അമ്പതിനായിരം രൂപാ വീതം.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്രമവിരുദ്ധ വാങ്ങലുകൾ സംബന്ധിച്ച അന്വേഷണം

154 [1733] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 1997-1998 സാമ്പത്തിക വർഷത്തിൽ ഡയറ്ററിയും അനുബന്ധ സാധനങ്ങളും ക്രമവിരുദ്ധമായി വാങ്ങിയതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം വന്നതായി ധനകാര്യ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവാദികളിൽ നിന്നും സാമ്പത്തിക നഷ്ടം ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ശിക്ഷാനടപടികൾ സ്വീകരിക്കാൻ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സാമ്പത്തിക നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ എത്ര തുക ഇപ്രകാരം ഈടാക്കിയിട്ടുണ്ട്;

(എഫ്) തുക ഈടാക്കിയത് ആരിൽ നിന്നെല്ലാമാണെന്നും ഇനി ആരിൽ നിന്നെല്ലാം ഈടാക്കാനുണ്ട് എന്നും വ്യക്തമാക്കുമോ;

(ജി) ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എച്ച്) കുറ്റക്കാരിൽ എത്ര പേർ റിട്ടയർ ചെയ്തു;

(ഐ) എത്ര പേർ സർവ്വീസിൽ തുടരുന്നുണ്ട്;

(ജെ) മറ്റെന്തെല്ലാം അച്ചടക്ക നടപടികൾ ഇവർക്കെതിരെ സ്വീകരിച്ചിട്ടുണ്ട്;

(കെ) ശുപാർശ നടപ്പാക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ഉണ്ട്.

(ഡി—എഫ്) ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടത്തിനുത്തരവാദികൾ പ്രസ്തുത കാലയളവിൽ പ്രിൻസിപ്പാളായിരുന്ന ഡോ. എൽ. വി. സ്വർണ്ണം, അക്കൗണ്ട്സ് ഓഫീസർമാരായ ശ്രീ. ടി. കെ. വിശ്വനാഥൻ, ശ്രീ. പാവു വർഗീസ്, ജൂനിയർ സൂപ്രണ്ട് ശ്രീ. എ. വിശ്വൻ എന്നിവരാണ്. ഇവരിൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഡോ. എൽ. വി. സ്വർണ്ണം, അക്കൗണ്ട്സ് ഓഫീസർ ശ്രീ. ടി. കെ. വിശ്വനാഥൻ എന്നിവരിൽ നിന്നും 22,935 രൂപ വീതം ഈടാക്കുകയുണ്ടായി. ശ്രീ. പാവു വർഗീസ്, ശ്രീ. എ. വിശ്വൻ എന്നിവരിൽ നിന്നും കൂടി തുക ഈടാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ജി) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എച്ച്) രണ്ടു പേർ.

(ഐ) രണ്ടു പേർ.

(ജെ) സർവ്വീസിൽ തുടരുന്ന കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എടുക്കുന്ന അച്ചടക്ക നടപടികളുടെ ഭാഗമായി ഇവർക്ക് കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. ഇതിന് ഇവർ നൽകിയ മറുപടിയിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് വരുത്തി പരിശോധിച്ച് അച്ചടക്ക നടപടി പൂർത്തിയാക്കുന്നതാണ്.

(കെ) ഇല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly